കണ്ണൂരിൽ ബോംബാക്രമണം വളരെയേറെ നടന്നിട്ടുണ്ട്. പക്ഷെ തലസ്ഥാന നഗരിയിൽ ആദ്യമാണ്. അതുകൊണ്ട് ഇത്രയും ഗുരുതരമായ ഒരു അവസ്ഥാ വിശേഷം വന്നിരിക്കുന്നു. ഈ രാജ്യത്ത് ക്രമസമാധാനനില ഇത്രയും താറുമാറാക്കിയ സംഭവങ്ങളുണ്ടായിട്ടും ഇതേക്കുറിച്ച് സഭയിൽ ചർച്ചചെയ്യാൻ വൈമുഖ്യം കാണിക്കുന്ന മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)

(ശ്രീമതി ഗൗരിയമ്മയും സഭവിട്ട് പുറത്തുപോയി)

(അല്പ സമയത്തിനുള്ളിൽ പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

IV. ശ്രദ്ധക്ഷണിക്കൽ

(1) സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങൾക്ക് അർഹമായ സംവരണം നൽകേണ്ടതിന്റെ ആവശ്യകത

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി.കെ. കുമാരൻ : സർ, സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങൾക്ക് അർഹമായ സംവരണം നൽകേണ്ടതിന്റെ ആവശ്യകതയിലേക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. നമ്മുടെ രാജ്യത്ത് ചാതുർവർണ്യത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യ വ്യവസ്ഥയാണ് നിലനിന്നുവന്നിരുന്നത്. നമ്മുടെ ഭരണംതന്നെ മനുസ്മൃതി എന്ന മനുവിന്റെ ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. ഭാരതത്തിനുപുറത്ത് സമൂഹത്തിൽ പല തട്ടുകളായി മനുഷ്യരെ വേർതിരിച്ചിരുന്നു. എന്നാൽ ഭാരതത്തിൽ ചാതുർവർണ്യവ്യവസ്ഥയുടെ ഉള്ളിൽപോലും പെടാത്ത പഞ്ചമജാതിക്കാരായിരുന്നു. നമ്മുടെ രാജ്യത്തെ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും എന്ന് പിന്നീട് ഭരണഘടന നിലവിൽ വന്നതിനെത്തുടർന്ന് വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ വിദേശ രാജ്യങ്ങളിലൊക്കെ മനുഷ്യ സമൂഹത്തിലുള്ള തട്ടുകൾ കാലക്രമേണ അവിടെയുള്ള വിദ്യാഭ്യാസത്തിന്റെയും അവിടെയുണ്ടായ ധനസ്ഥിതിയുടേയുമെല്ലാം അടിസ്ഥാനത്തിൽ മാറിയെങ്കിലും ഭാരതത്തിൽ ആ സ്ഥിതിക്ക് ഒരു മാറ്റവുമുണ്ടായിട്ടില്ല. അതിന്റെ ഫലമായി ചാതുർവർണ്യ വ്യവസ്ഥ, ആ വ്യവസ്ഥയിലധിഷ്ഠിതമായിട്ടുള്ള ജാതി വ്യവസ്ഥ, നമ്മുടെ രാജ്യത്ത് നിലനിന്നതിനെ തുടർന്ന് ജാതീയമായ ഒരു പിന്നോക്ക സ്ഥിതി സ്വത്ത് സമ്പാദനത്തിലും തൊഴിൽ സൗകര്യങ്ങളുണ്ടാകുന്നതിലും വിദ്യാഭ്യാസത്തിലുമൊക്കെയായി വളർന്നുവന്നുവെന്നുള്ളതാണ്. ചരിത്രപരമായി കാര്യങ്ങൾ പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്നത്. ഈ സ്ഥിതി മനസ്സിലാക്കിയിട്ടാണ് ഈ വിഭാഗത്തിലുള്ള ജനങ്ങൾക്ക് ആശ്വാസകരമായ നിലപാടും നടപടികളുമുണ്ടാക്കുന്നതിനുവേണ്ടി 1931-ലും 1936-ലും യഥാക്രമം പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും പ്രത്യേകമായ

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റുകൾ തയ്യാറാക്കാൻ ശുപാർശ ചെയ്തിട്ടുള്ളത്. പട്ടികജാതിക്കാരെന്ന് പറയുമ്പോൾ ചരിത്രപരമായും സാമൂഹ്യ ആചാരക്രമമനുസരിച്ചും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അനുഭവിച്ചവരാണ്. അതുപോലെ പട്ടികവർഗ്ഗക്കാരെന്ന് പറഞ്ഞാൽ എല്ലാ തരത്തിലുമുള്ള പ്രാക്തന സ്വഭാവസവിശേഷതകൾ, ഒരു പ്രത്യേക സംസ്ക്കാരം, ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ, മറ്റ് സമൂഹങ്ങളുമായി ഇടപഴകാനുള്ള വൈമനസ്യം ഇതിലൂടെയൊക്കെ രൂപപ്പെട്ട് വന്നിട്ടുള്ള ഒരു പിന്നോക്കാവസ്ഥ എന്നിവ ഉള്ളവരാണ്. ഈ പിന്നോക്കാവസ്ഥയിൽനിന്ന് പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമായിട്ടുള്ള ആളുകളെ മനസ്സിലാക്കി ഇവരുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി ഭരണഘടനാ നിർമ്മാണ സമിതി അത് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് ഭരണഘടനാപരമായി തന്നെ 341-ഉം 342-ഉം ആർട്ടിക്കിളുകളിൽ നൽകിയിട്ടുള്ള അധികാരമുപയോഗിച്ച് കേന്ദ്ര ഭരണ പ്രദേശങ്ങളിലും അതുപോലെതന്നെ മറ്റു മേഖലകളിലുമെല്ലാം ഈ പട്ടിക നിലവിൽവരികയും അതിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസപരവും ഉദ്യോഗപരവുമായ നിയമനങ്ങളിൽ റിസർവേഷൻ ഏർപ്പെടുത്തണമെന്ന് നിർബന്ധിക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ ഭരണഘടനയുടെ മൗലികാവകാശങ്ങളിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള, right to equality, right to freedom, cultural and educational right, Right against Exploitation തുടങ്ങിയിട്ടുള്ള നമ്മുടെ ഭരണഘടനയുടെ മൗലികാവകാശങ്ങളും അതുപോലെതന്നെ ഭരണഘടനയുടെ ഡയറക്ടീവ് പ്രിൻസിപ്പിൽസ് ഓഫ് സ്റ്റേറ്റ് പോളിസിയിലും അതായത് മാർഗ്ഗനിർദ്ദേശങ്ങളിലുമെല്ലാം ഈ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് കാര്യങ്ങൾ വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശ തത്വങ്ങളിൽ 46-ാം ആർട്ടിക്കിളിൽ പറയുന്നത്.

Promotion of educational and economic interests of Scheduled Castes, Scheduled Tribes and other weaker sections:

അതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത്

The State shall promote with special care the educational and economic intersts of the weaker sections of the people, and in particular, of the Scheduled Castes and Scheduled Tribes, and shall protect them from social injustice and all forms of exploitation.

വളരെ വ്യക്തമായി 46-ാം ആർട്ടിക്കിൾ ഇവരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായിട്ടുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എല്ലാ തലത്തിലുമുള്ള പ്രത്യേക പരിഗണനയും നൽകണമെന്ന് അനുശാസിക്കുന്നു. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ നമ്മുടെ ഭരണഘടനയുടെ 333, 339 ഈ വകുപ്പുകളിൽ ഇതിന് ആവശ്യമായ പരിഗണന നൽകുന്നതിനുവേണ്ടിയാണ്, പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുംവേണ്ടി ഭണഘടനയിൽതന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഇവിടത്തെ വിഷയം, ഈ അടിസ്ഥാനത്തിൽ കേരളത്തിൽ നമ്മുടെ സംസ്ഥാന സർവ്വീസിലും പൊതുമേഖലാസ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലുമായി ഈ വിഭാഗത്തിനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന റിസർവേഷൻ ആനുകൂല്യങ്ങൾ ജാഗ്രതയോടെ, നിർബന്ധത്തോടെ നടപ്പിലാക്കുന്നതിനുള്ള ഒരു ഗൗരവം, അതിനാവശ്യമായ നടപടികൾ വേണ്ടത്ര ഉണ്ടാകുന്നില്ല എന്നതാണ്. അതാണ് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിന്റേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇപ്പോൾ സംസ്ഥാന സർവ്വീസിൽ തന്നെ ഈ കാര്യങ്ങളെക്കു

LIBRARY ARCHIVES Kerala Legislative Assembly

റിച്ച് പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു റിവ്യൂ കമ്മിറ്റിയുണ്ട്. ഒരു വർഷത്തിലൊരിക്കൽ അത് കൂടിയിരിക്കണമെന്നാണ്. അതുകൊണ്ടുമാത്രം സംസ്ഥാന സർവ്വീസിലെ എല്ലാ വകുപ്പുകളിലുമുള്ള റിസർവേഷൻ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യാൻ കഴിയുന്നില്ല. അത് വീണ്ടും വകുപ്പടിസ്ഥാനത്തിൽ കൂടുന്നതിനുള്ള സംവിധാനമുണ്ടാകണം. നമുക്കറിയാം നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയിൽ, സ്വകാര്യ വിദ്യാഭ്യാസമേഖല വളരെയേറെ സജീവമായിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് ഇതുവരെയുള്ള സ്ഥിതിഗതികൾ പരിശോധിച്ചാൽ, നിലവിലുള്ള നിയമനത്തിന്റെ അടിസ്ഥാനത്തിൽ ഏകദേശമുള്ള കണക്കുകൾ പരിശോധിച്ചാൽ, പതിനൊന്നായിരത്തിൽപ്പരം പട്ടികജാതി-പട്ടികവർഗ്ഗക്കാരായിട്ടുള്ള ആളുകളുടെ റിസർവേഷൻ അവിടെ നഷ്ടപ്പെട്ടിരിക്കുകയാണ്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്തിലെ സ്വയംഭരണസ്ഥാപനങ്ങൾ, പ്രാഥമിക സഹകരണസംഘങ്ങൾ, ദേവസ്വംബോർഡ്, ക്ഷേമനിധി ബോർഡുകൾ, പി.ടി.ഐ, യു.എൻ.ഐ. എന്നിവ നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റേയും കേന്ദ്ര ഗവൺമെന്റിന്റേതുമായിട്ടുള്ള സമ്പത്ത് ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ഈ മേഖലകളിൽ ഇതുവരെ നിയമനത്തിൽ റിസർവേഷൻ പാലിക്കപ്പെട്ടിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. യാതൊരാളും അതിന്റെ ഗൗരവം കാണുന്നില്ല. അവിടെ റിസർവേഷൻ മാനദണ്ഡം പാലിക്കപ്പെടണമെന്ന കാര്യത്തിൽ യാതൊരു ശുഷ്ക്കാന്തിയുമില്ല. ആ നിലയിൽ രാജ്യത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരെ പുറകോട്ടു തള്ളുന്ന ഒരു സ്ഥിതിയാണ് നിലനിൽക്കുന്നത്. ഈ സ്ഥിതിക്ക് വേഗം പരിഹാരം കാണാൻ കഴിയണം. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ ഫലപ്രദമായി അംഗീകരിച്ചു നൽകുന്ന കാര്യത്തിൽ എന്നും ഇടതുപക്ഷ ഗവൺമെന്റുകൾ അതിനൊരു മാർഗ്ഗദർശകമാണ്. ആ നിലയിൽ ഇലക്ട്രിസിറ്റി ബോർഡിലെ സ്ഥിതി പരിശോധിച്ചാൽ, കെ.എസ്.ആർ.ടി.സി.യിലെ സ്ഥിതി പരിശോധിച്ചാൽ, ചില പൊതുമേഖലാസ്ഥാപനങ്ങളിലടക്കം റിസർവേഷൻ നടപ്പിലാക്കുന്നതിനു കഴിഞ്ഞകാല ഇടതുപക്ഷ ഗവൺമെന്റുകൾ വളരെ വ്യക്തമായ സമീപനങ്ങൾ സ്വീകരിച്ചിട്ടുള്ളതാണ് യാഥാർത്ഥ്യം. പക്ഷേ അത്തരം നടപടികളെല്ലാം ഉണ്ടെങ്കിലും സ്വയംഭരണ സ്ഥാപനങ്ങളിൽ നൂറുകണക്കിന്, ആയിരക്കണക്കിന് റിസർവേഷൻ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അത് എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല? രാജ്യത്തിന്റെ സമ്പത്ത് ശമ്പളവും ബത്തകമെല്ലാമായി നൽകുമ്പോൾ അതിൽ പട്ടികജാതിക്കാർക്ക് അവകാശപ്പെട്ടത്, അർഹതപ്പെട്ടത് എന്തുകൊണ്ട് കൊടുക്കാൻ കഴിയുന്നില്ല? അവിടെ എക്സിക്യൂട്ടീവ് പോസ്റ്റിലായിരുന്നാലും, മിഡിൽ എക്സിക്യൂട്ടീവ് പോസ്റ്റിലായിരുന്നാലും ആരെയും നിയമിക്കുന്നില്ലെന്നുള്ളതാണ് സ്ഥിതി. മറ്റ് മേഖലകളിലെല്ലാംതന്നെ പരിശോധിക്കാനുള്ള നടപടികൾ പൊതുമേഖലാ സ്ഥാപനങ്ങളിലടക്കമുണ്ടെങ്കിൽപ്പോലും സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അത് പരിശോധിക്കുന്നതിനുള്ള യാതൊരു നടപടിയും നമ്മുടെ സംസ്ഥാനത്തില്ല. അതുകൊണ്ട് വളരെ വിനീതമായി സൂചിപ്പിക്കാനുള്ളത് ഈ സ്പെഷ്യൽ റിക്രൂട്ടുമെന്റും അതുമായി ബന്ധപ്പെട്ട അവലോകനവും ഇപ്പോൾ നടത്തുന്നതുപോലെ എല്ലാ ഡിപ്പാർട്ടുമെന്റ് അടിസ്ഥാനത്തിലും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും റിവ്യൂ നടത്താനുള്ള സംവിധാനം ഉണ്ടാകണം. പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കുള്ള റിസർവേഷൻ പൂർണമായി പാലിക്കണം. അതോടൊപ്പം തന്നെ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്നുള്ള ബാക്ക്ലോഗ് കൂടി കണക്കിലെടുത്ത് അവിടെ നിയമനം നടത്താനുള്ള ഉത്തരവും നടപടികളും ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ മുൻകൈ എടുക്കണം. കാരണം നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ റിസർവേഷൻ കാര്യങ്ങൾ അന്വേഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ചെയർമാനായിട്ടുള്ള റിവ്യൂ കമ്മിറ്റിയും അതിന്റെ നടപടിയുമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഇത് 1957 മുതൽ തുടങ്ങിയതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ മുൻകൈയെടുത്ത് ഈ കുറവ് പരിഹരിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം, അതിനാവശ്യമായി നിയമത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ആ മാറ്റങ്ങൾ വരുത്തി പട്ടികജാതി/പട്ടികവർഗ്ഗത്തിന് അർഹതപ്പെട്ടതെല്ലാം നൽകാനുള്ള ഉത്തരവും നടപടിയും ഉണ്ടാകാൻ ഈ ഗവൺമെന്റ് എങ്കിലും അതിന് ശക്തമായ തുടക്കം കുറിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും വിനയപൂർവം അപേക്ഷിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, എൽ.ബി.എസ്., ഐ.എം.ജി., റീജിയണൽ കാൻസർ സെന്റർ തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സംവരണം നൽകിവരുന്നുണ്ട്. എന്നാൽ എല്ലാ സ്ഥാപനങ്ങളിലും പൂർണമായി അർഹമായ റിസർവേഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ഐ.എച്ച്.ആർ.ഡി.യിലെ ഭൂരിപക്ഷം തസ്തികകളിലും സാങ്കേതിക വൈദഗദ്ധ്യമുള്ളവരെയാണ് ആവശ്യം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ആവശ്യമുള്ള അപേക്ഷകർ ഇല്ലാത്തതിനാൽ പൂർണമായി സംവരണം പാലിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞില്ല. അതുപോലെതന്നെ സാങ്കേതിക വിഭാഗത്തിലെ തസ്തികകളിൽ നിയമിക്കപ്പെടുന്നതിന് അർഹമായ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ എൽ.ബി.എസ്., ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ മുതലായ സ്ഥാപനങ്ങളിലും പൂർണ്ണമായി സംവരണതത്വം പാലിക്കാൻ കഴിഞ്ഞില്ല. റീജിയണൽ കാൻസർ സെന്റർ, ഐ.എം.ജി., സി-ഡിറ്റ് മുതലായ സ്ഥാപനങ്ങളിൽ സംവരണതത്വം പാലിച്ചുകൊണ്ടാണ് ഇപ്പോൾ നിയമനങ്ങൾ നടത്തിവരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് അർഹതപ്പെട്ട പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ അവർക്ക് അർഹതപ്പെട്ട പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ടുവേണം വരും നിയമനങ്ങൾ നടത്തേണ്ടതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. പി.കെ. കുമാരൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി വളരെ സ്വാഗതാർഹമാണ്. എന്നാൽ എനിക്ക് വളരെ വിനീതമായി ഒന്നുകൂടി ചോദിക്കാനുള്ളത് നിലവിലുള്ള റിവ്യൂ കമ്മിറ്റി എന്നതുപോലെ ഈ സ്വയംഭരണ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ്സിനെ വിളിച്ച് അവിടെയുള്ള റിസർവേഷൻ കാര്യങ്ങളെക്കുറിച്ച് പ്രത്യേകമായ ചർച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ.കെ. നായനാർ) : അത് ആലോചിക്കാവുന്നതാണ്.

(2) സംസ്ഥാനത്തെ ഹൈക്കോടതി ഉൾപ്പെടെയുള്ള വിവിധ കോടതികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly